**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 407** **05-10-2021 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിലെ കിഫ്ബി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 3 കോടി രൂപയുടെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് ബോയ്സ്, മാട്ടൂൽ, കല്ല്യാശ്ശേരി, കുഞ്ഞിമംഗലം, കൊട്ടില എന്നീ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി എപ്പോഴാണ് ധനകാര്യ അനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ; | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ 3 കോടി രൂപയുടെ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് ബോയ്സ്, മാട്ടൂൽ, കല്ല്യാശ്ശേരി, കുഞ്ഞിമംഗലം, കൊട്ടില എന്നീ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 15/02/2021 ൽ നടന്ന കിഫ്ബി എക്സിക്യൂട്ടീവ് കമ്മറ്റി ധനാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി ഏത് ഏജൻസി മുഖേന നിർവഹിക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്; പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനും പ്രവൃത്തി ആരംഭിക്കുന്നതിനും സത്വര നടപടി സ്വീകരിക്കുമോ? | (ബി) | സ.ഉ.(സാധാ) നം.783/2021/പൊ.വി.വ തീയതി 28/01/2021 പ്രകാരം പ്രസ്തുത പ്രവൃത്തികളുടെ പദ്ധതി നിർവ്വഹണ ഏജൻസിയായി കില (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) യെ, ഭരണ വകുപ്പായ പൊതു വിദ്യാഭ്യാസ വകുപ്പ് നിശ്ചയിച്ചിട്ടുള്ളതാണ്. കിഫ്ബിയുടെ അംഗീകാരം ലഭിച്ച പദ്ധതികളുടെ പ്രവൃത്തികൾ നടപ്പിലാക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസിയുടെ ചുമതലയാണ്. പദ്ധതിയിൽ കാലവിളംബം ഉണ്ടെന്ന് ശ്രദ്ധയിൽ വരുന്ന പക്ഷം, പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നിർവ്വഹണ ഏജൻസിക്ക് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ